## കേരള കാർഷിക സർവ്വകലാശാല

### കശുമാവ് ഗവേഷണ കേന്ദ്രം, മാടക്കത്തറ – 680 651

സി.ആർ.എം.(അക്കൗ)719/2021

തിയതി: 19/05/2021

### പുനർ കശുവണ്ടി ലേലം/ക്വട്ടേഷൻ

ഈ വർഷം ശേഖരിച്ചിട്ടുള്ള ഉദ്ദേശം 10 ടൺ കശുവണ്ടി ക്വട്ടേഷൻ / ലേലം വഴി വിൽക്കുവാൻ ഉദ്ദേശിക്കുന്നു. ലേല സമയം 26/05/2021 രാവിലെ 11 മണി. മുദ്ര വെച്ച ക്വട്ടേഷനുകൾ 25/05/2021 രാവിലെ 10 മണി മുതൽ 26/05/2021 രാവിലെ 11 മണി വരെ സ്വീകരിയ്ക്കും. വിശദ വിവരങ്ങൾക്ക് ഓഫീസുമായി ബന്ധപ്പെടുക.
(ഫോൺ: 0487 – 2980339)

ഒപ്പ്

ഗവേഷണകേന്ദ്രം മേധാവി

### ക്വട്ടേഷൻ/ലേലം വ്യവസ്ഥകൾ

1. ടെണ്ടർ ഫോമുകൾ ഈ ഓഫീസിൽ ലഭ്യ മാണ്. ടെണ്ടറിനോടൊപ്പം 200/ രൂപയുടെ മുദ്ര പത്രത്തിൽ കരാറും ഹാജരാക്കേണ്ടതാണ്. കരാറിന്റെ മാതൃക ഈ ഓഫീസിൽ ലഭ്യമാണ്.
2. ഈ സ്റ്റേഷനിലെ സ്റ്റോറിൽ സംഭരിച്ചിട്ടുള്ള കശുവണ്ടി, ലേലത്തിൽ പങ്കെടുക്കുന്നവർക്ക് ലേലത്തിനു മുൻപ് പരിശോധിക്കാവുന്നതാണ്.
3. പരസ്യലേലത്തിൽ പങ്കെടുക്കുന്നവരും രഹസ്യ ക്വട്ടേഷൻ തരുന്നവരും കൃത്യ സമയത്ത് ഹാജരായി നിരത ദ്രവ്യമായി 10000 രൂപ (പതിനായിരം രൂപ) 26/05/2021 രാവിലെ 11 മണിക്ക് മുൻപായി ഈ ഓഫീസിൽ അടക്കേണ്ടതാണ്.
4. പരസ്യ ലേല സമയം 26/05/2021 രാവിലെ 11 മണി. രഹസ്യ ക്വട്ടേഷനുകൾ 25/05/2021 രാവിലെ 10.00 മണി മുതൽ 26/05/2021 രാവിലെ 11.00 മണി വരെ മാത്രമേ സ്വീകരിക്കുകയുള്ളു.രഹസ്യ ക്വട്ടേഷനിൽ ഒരു കിലോഗ്രാം കശുവണ്ടിയ്ക്കുള്ള വില അക്കത്തിലും അക്ഷരത്തിലും എഴുതിയിരിയ്ക്കേണ്ടതും, ഗവേഷണകേന്ദ്രം മേധാവി, കശുമാവ് ഗവേഷണ കേന്ദ്രം, മാടക്കത്തറ എന്ന വിലാസത്തിൽ ആയിരിയ്ക്കേണ്ടതുമാണ്.
5. സർക്കാർ നിയമപ്രകാരം ലേലതുകയ്ക്കു പുറമെ നിലവിലുള്ള ജി.എസ്.ടി യും സെസ്സും ഈടാക്കുന്നതായിരിക്കും.
6. ലേലം കൊണ്ടയാൾ ലേലദിവസം വൈകുന്നേരം 3.00 മണിക്കു മുൻപ് നികുതിയടക്കമുള്ള ലേല തുകയുടെ മൂന്നിലൊന്ന് തുക ഓഫീസിൽ അടച്ച് രശീത് വാങ്ങേണ്ടതാണ്.
7. ലേലം കൊണ്ടയാൾ ലേലതുകയുടെ 5% സെക്യൂരിറ്റി തുകയായി ലേല ദിവസം 3.00 മണിയ്ക്ക് മുൻപ് തന്നെ അടയ്ക്കേണ്ടതാണ്.
8. ലേലം പിടിച്ചയാൾ 01/06/2021 ന് 12 മണിക്കുള്ളിൽ നികുതി ഉൾപ്പടെ മുഴുവൻ ലേല തുകയും അടച്ച് രശീത് വാങ്ങേണ്ട താണ്. അതിനുശേഷം മാത്രമേ കശുവണ്ടി സ്റ്റേഷനിൽ നിന്നും നീക്കം ചെയ്യാൻ അനുവദിക്കുകയുള്ളൂ.
9. ഏറ്റവും കൂടിയ തുകയ്ക്ക് ലേലം കൊണ്ടയാളുടെ തൊട്ടടുത്തുവരുന്ന ആളുടെ നിരതദ്രവ്യം, ലേലം കൊണ്ടയാൾ മൂന്നിൽ ഒന്ന് ലേലതുകയും , സെക്യൂരിറ്റി തുകയും അടച്ചതിനുശേഷം മാത്രമേ തിരികെ നൽക്കുകയുള്ളൂ.
10. കശുവണ്ടി നീക്കം ചെയ്യുന്ന സമയത്ത് സർവ്വകലാശാലക്ക് എന്തെങ്കിലും തരത്തിൽ നഷ്ടം ഉണ്ടായാൽ അത് ലേലം കൊണ്ടയാളിൽ നിന്ന് ഈടാക്കുന്നതാണ്.
11. ലേലം കൊണ്ടയാൾ ലേല വ്യവസ്ഥകൾ ഏതെങ്കിലും പാലിക്കാതെ വന്നാൽ ലേലം റദ്ദാക്കുന്നതുൾപ്പെടെയുള്ള നടപടികൾ എടുക്കുന്നതാണ്. ലേലം റദ്ദാക്കി പുനർ ലേലം ചെയ്യേണ്ടി വരുന്നതുകൊണ്ട് സർവ്വകലാശാലക്ക് നഷ്ടം ഉണ്ടായാൽ അത് ആദ്യ ലേലക്കാരനിൽ നിന്ന് ഈടാക്കുന്നതാണ്.
12. സർക്കാർ ക്വട്ടേഷൻ/ലേലം നിബന്ധനകൾ എല്ലാം തന്നെ ഈ ക്വട്ടേഷൻ/ലേലത്തിനും ബാധകമാണ്.
13. രഹസ്യ ക്വട്ടേഷനിലോ പരസ്യ ലേലത്തിനോ ഏതിലാണോ കൂടുതൽ വില ലഭിക്കുന്നതെന്ന് കണക്കിലെടുത്തായിരിക്കും ലേലം സ്ഥിരപ്പെടുത്തുന്നത് .എന്നാൽ യാതൊരു കാരണവും കാണിക്കാതെ ഈ ലേലം താൽക്കാലികമായി ഉറപ്പിക്കുന്നതിനോ റദ്ദാക്കുന്നതിനോ ഉള്ള അധികാരം മാടക്കത്തറ കശുമാവ് ഗവേഷണകേന്ദ്രം മേധാവിയിൽ നിക്ഷിപ്തമാണ്
14. ഈ ലേലം അന്തിമമായി ഉറപ്പിക്കുന്നതിനുള്ള തീരുമാനം എടുക്കുവാനുള്ള അധികാരം പട്ടാമ്പി പ്രാദേശിക ഗവേഷണകേന്ദ്രം മേധാവിയിൽ നിക്ഷിപ്തമാണ്.

ഒപ്പ്

ഗവേഷണകേന്ദ്രം മേധാവി

പകർപ്പ്

1. നോട്ടീസ് ബോർഡ്,
2. കെ.എ.യു വെബ്സൈറ്റ്
3. കശുമാവ് ഗവേഷണ കേന്ദ്രം, മാടക്കത്തറ,
4. പഞ്ചായത്ത് ഓഫീസ്,
5. കൃഷി ഭവൻ,
6. വില്ലേജ് ഓഫീസ്,
7. എസ്റ്റേറ്റ് ഓഫീസ്, വെള്ളാനിക്കര,